(1953 – '61 കാലത്ത് കാസർകോട് ആലിയാ അറബിക് കോളേജിൽ വിദ്യാർഥിയായിരുന്ന ലേഖകൻ ഗുരുനാഥനായ എം. ടി അബ്ദുർറഹ്മാൻ മൗലവിയെ ഓർക്കുന്നു)

# ഓർമയിലെ എം.ടി ഉസ്താദ്

ഒ.പി അബ്ദുസ്സലാം



**ഓമശ്ശേരിയിൽനിന്ന്** ഏറെയൊന്നും അകലെയല്ലാത്ത വാഴക്കാട്ട്, ഇസ്ലാമിക വിഷയങ്ങളിൽ ആഴത്തിൽ അറിവുള്ള ഒരു പണ്ഡിതനുണ്ടെന്നും അദ്ദേഹം സമുദായത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നഖശിഖാന്തം എതിർത്തുവരികയാണെന്നും കേട്ടിരുന്നു. അപ്പോഴൊക്കെ അദ്ദേഹത്തെ നേരിൽ കാണാൻ ആഗ്രഹിച്ചെങ്കിലും നടന്നില്ല.

വിദ്യാർഥിയായിരിക്കെ ഒരിക്കൽ ലീവ് കഴിഞ്ഞ് ആലിയാ കോളേജിൽ തിരിച്ചെത്തിയപ്പോൾ അധ്യാപകന്മാരുടെ കൂട്ടത്തിൽ തടിച്ചുരുണ്ട, ഇടതൂർന്ന വട്ടത്താടിയുള്ള, നല്ല ആരോഗ്യവും പ്രസരിപ്പുമുള്ള, സുമുഖനായ ഒരാൾ! ആരാണിദ്ദേഹം? അബൂബക്കർ നദ്‌വിയോട് ഞാൻ ചോദിച്ചു. 'അറിയില്ലേ, അദ്ദേഹം പുതിയ ഉസ്താദാണ്, പ്രസിദ്ധനായ വാഴക്കാട് എം.ടി അബ്ദുർറഹ്മാൻ മൗലവി!'

ദീർഘനാളായി നേരിൽ കാണണമെന്ന് കൊതിച്ചിരുന്ന എം.ടി അബ്ദുർറഹ്മാൻ മൗലവി ആലിയയിൽ ഞങ്ങളുടെ അധ്യാപകനായി വന്നിരിക്കുന്നു. ഞാൻ അത്ഭുതംകൂറുകയും സന്തോഷിക്കുകയും ചെയ്തു. അന്ന് മഗ്‌രിബിനു ശേഷം കോളേജ് ഹാളിൽ ചേർന്ന പ്രത്യേക യോഗത്തിൽ പ്രിൻസിപ്പൽ മുഹമ്മദ് ത്വാഊ മൗലവി എം.ടിയെ വിദ്യാർഥികൾക്കു പരിചയപ്പെടുത്തി.

1960ൽ കോഴിക്കോടിനടുത്ത മൂഴിക്കലിൽ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സമ്മേളനം നടന്നിരുന്നു. എം.ടിയും അതിൽ പങ്കെടുത്തിരുന്നു. അവിടെ വെച്ച് ആലിയാ കോളേജ് സ്ഥാപകനായ ഇസ്സുദ്ദീൻ മൗലവിയും, ഉദാരമതിയും ജമാഅത്ത് സഹകാരിയുമായ ഇരിക്കൂറിലെ പി.സി മുഹമ്മദ് ഹാജിയും എം.ടി അബ്ദുർറഹ്മാൻ മൗലവിയെ കാണുകയും അടുത്ത വർഷം ആലിയാ കോളേജിൽ അധ്യാപകനായി വരാൻ അഭ്യർഥിക്കുകയും ചെയ്തു. 1961ൽ അധ്യാപകനായി ആലിയയിലെത്തിയ എം.ടി നാലു വർഷം അവിടെ അധ്യാപകവൃത്തിയിലുണ്ടായിരുന്നു.

കോളേജിലെ അവസാന വർഷ വിദ്യാർഥിയായിരുന്നതിനാൽ എം.ടി ഉസ്താദുമായി ദീർഘകാലം സഹവസിക്കാൻ അവസരം കിട്ടിയില്ല. ഒരു വർഷം എം.ടി ഉസ്താദുമായി അടുത്തിടപഴകാൻ കഴിഞ്ഞു. ഞങ്ങളെ അദ്ദേഹം പഠിപ്പിച്ചിരുന്നത് ഖുർആനും *ജംഉൽ ജവാമിഉ*മായിരുന്നു. വിഷയങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്, അറിവിന്റെ മുത്തുകൾ പെറുക്കിയെടുത്ത് വിദ്യാർഥികൾക്ക് നൽകിയിരുന്ന മൗലവിയുടെ അധ്യാപനം ഏറെ ഹൃദ്യമായിരുന്നു. ലളിതസുന്ദരമായ ഭാഷയിൽ, സരസമായ ശൈലിയിലുള്ള അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വിദ്യാർഥികൾക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. ഉപമകളും ഉദ്ധരണികളും അലങ്കാരങ്ങളും അനുഭവങ്ങളുമൊക്കെ ചേർത്തുകൊണ്ടായിരുന്നു ക്ലാസ്സുകൾ.

ഭക്തിയും വിശുദ്ധിയും നിറഞ്ഞ വ്യക്തിത്വമായിരുന്നു എം.ടിയുടേത്. ക്ലാസ്സിലും ക്ലാസ്സിനു പുറത്തുമൊക്കെ അത് പ്രകടമായിരുന്നു. ക്ലാസ്സിനിടയിൽ ചില ആയത്തുകളിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയാറുണ്ടായിരുന്നു. ഒരു ദിവസം ഇശാ നമസ്കാരത്തിനു ശേഷം മൗലവി വിദ്യാർഥികളെ അഭിമുഖീകരിച്ച് ഒരു പ്രസംഗം നടത്തി. പ്രസംഗത്തിന്റെ ഒരു ഘട്ടത്തിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കൊച്ചു കുട്ടികളെ ചൂണ്ടി അദ്ദേഹം പറഞ്ഞു: 'മക്കളേ! നിങ്ങൾ, വലിയവരായ ഞങ്ങളേക്കാൾ എത്രയോ ഭാഗ്യവാന്മാരും നല്ലവരുമാണ്. ജീവിതത്തെ തെറ്റുകുറ്റങ്ങളെ കൊണ്ട് നിറച്ച ഞങ്ങളെ അല്ലാഹു ശിക്ഷിക്കുമ്പോൾ പാപം ചെയ്യാത്ത നിങ്ങളെ ഒരു ചോദ്യം ചെയ്യലുമില്ലാതെ അവൻ സ്വർഗത്തിൽ കടത്തും.' ഇത്രയും പറഞ്ഞ് എം.ടി തേങ്ങിക്കരഞ്ഞു. സദസ്സും ആ തേങ്ങലിൽ പങ്കാളികളായി.

എം.ടിയുടെ മറ്റൊരു പ്രത്യേകത, മുജാഹിദും ജമാഅത്തും തമ്മിലുള്ള തർക്ക വിഷയങ്ങളിൽ കടുംപിടുത്തമോ തീവ്ര പാർട്ടീ പക്ഷപാതിത്വമോ വെച്ചുപുലർത്തിയിരുന്നില്ല എന്നതാണ്. ഇബാദത്തിന്റെ അർഥം, ദീനിന്റെ സമഗ്രത, ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം തുടങ്ങിയ വിഷയങ്ങളിൽ മൗലാനാ മൗദൂദിയുടെ കാഴ്ചപ്പാടുകൾ ശരിയല്ലേ എന്ന് ഞങ്ങൾ അദ്ദേഹത്തോട് അന്വേഷിച്ചിരുന്നു. ഈ വിഷയങ്ങളിൽ മൗലാനാ മൗദൂദിക്ക് തെറ്റുപറ്റിയെന്ന് പറയാനാവില്ല- ഇതായിരുന്നു എം.ടിയുടെ മറുപടി. ഒരിക്കൽ ക്ലാസ്സെടുക്കുന്നതിനിടയിൽ മൗദൂദി സാഹിബിന്റെ വിഖ്യാതമായ *ഖുർആനിലെ നാല് സാങ്കേതിക പദങ്ങൾ* എന്ന പുസ്തകത്തെ എം.ടി പ്രകീർത്തിച്ചത് ഓർക്കുന്നു.

ഇതര മതസ്ഥരുമായുള്ള ബന്ധം മെച്ചപ്പെടുത്താനും പ്രശ്നങ്ങൾ പരിഹരിക്കാനും മൗലവി എപ്പോഴും താൽപര്യം കാണിച്ചിരുന്നു. ആലിയ കോളേജ് സ്ഥിതി ചെയ്യുന്ന ചെംനാട് പരവനടുക്കം പ്രദേശത്ത് അവിടത്തെ അമുസ്‌ലിംകളും കോളേജ് ഭാരവാഹികളും തമ്മിൽ ഒരു വഴിപ്രശ്നത്തെ ചൊല്ലി കടുത്ത തർക്കമുണ്ടായി. വഴിപ്രശ്നം കത്തിനിൽക്കുകയും പൊട്ടിത്തെറിയുടെ വക്കോളമെത്തുകയും ചെയ്തപ്പോൾ എം.ടി പ്രശ്നത്തിൽ ഇടപെടുകയും രമ്യമായി പരിഹരിക്കുകയും ചെയ്തു. എം.ടിയെ ഓർക്കുമ്പോഴെല്ലാം മനസ്സിൽ തെളിയുന്ന സംഭവമാണിത്. ചെംനാട്ടുകാരുടെയും ഓർമകളിൽ ഈ സംഭവമുണ്ട്.

അല്ലാഹു അദ്ദേഹത്തെ ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ■